13/1/23.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 966(3)/2018 *എസ്.ഐ.സി***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.14597/എസ്.ഐ.സി-ജി 1/2018)**

**സന്നിഹിതൻ**

**ശ്രീ.എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 07.01.2023**

ശ്രീ.സജിമോൻ എസ്.
ചിറയിൽ ഹൗസ്
മുഹമ്മ പി.ഒ.
ആലപ്പുഴ
} പരാതി ഹർജിക്കാരൻ

Vs.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്
എസ്സ്.എൻ.പുരം പി.ഒ.,
ആലപ്പുഴ
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 06.09.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.10.2018 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 11.12.2018 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 14.12.2018 |

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത് എസ്.പി.ഐ.ഒ. ക്ക് മുഹമ്മ ചിറയിൽ സജിമോൻ 06.09.2018 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നതാണ് ഈ പരാതി ഹർജിക്കാധാരം. ഇതു സംബന്ധിച്ച് 04.08.2021 ൽ എസ്.പി.ഐ.ഒ.യോട് കമ്മീഷൻ റിപ്പോർട്ട് തേടിയിരുന്നു. റിപ്പോർട്ട് ലഭിക്കാത്തതിനെ തുടർന്ന് 19.07.2022 ൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടുകയും 30.12.2022-ൽ ആലപ്പുഴ

സംഘടിച്ച ഹിയറിംഗിൽ എസ്.പി.ഐ.ഒ. യെ ക്ഷണിച്ച് വരുത്തുകയും ചെയ്തിരുന്നു. നിലവിൽ ടി പഞ്ചായത്തിലെ എസ്.പി.ഐ.ഒ. ശ്രീ ഹാരിഷ് കെ.എ. റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ. ശ്രീ.ബി.എൻ.അംബീശൻ എന്നിവർ ഹാജരായി.

2. പരാതി ഹർജിക്കാരനായ ശ്രീ സജിമോന് അദ്ദേഹത്തിന്റെ പേരിൽ 70 സെന്റ് വസ്തു ഉണ്ട് എന്ന് കാണിച്ച് ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ വഴി ബഹു.പ്രധാന മന്ത്രിക്ക് കഞ്ഞിക്കുഴി പഞ്ചായത്ത് റിപ്പോർട്ട് അയച്ചിരുന്നുവെന്നും ആ റിപ്പോർട്ടിന് ആധാരമാക്കിയ രേഖ ലഭ്യമാക്കണമെന്നുമാണ് എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടിരുന്നത്. ഇതുമായി ബന്ധപ്പെട്ട 11 ചോദ്യങ്ങൾ അദ്ദേഹം ഉന്നയിക്കുകയും എല്ലാത്തിനും പഞ്ചായത്ത് റിപ്പോർട്ട് തയ്യാറാക്കാൻ അവലംബിച്ച രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെടുകയുമാണ് ഉണ്ടായത്. റിപ്പോർട്ട് കാലയളവിലെ എസ്.പി.ഐ.ഒ ശ്രീ ബി.എൻ.അംബീശൻ ഈ കമ്മീഷനു സമർപ്പിച്ച റിപ്പോർട്ടിൽ ഈ പരാതി ഹർജിക്കാരന്റെ പേരിൽ വസ്തു ഉണ്ട് എന്നതിന്റെ രേഖകളൊന്നും പഞ്ചായത്തിലില്ല എന്ന് പ്രസ്താവിക്കുന്നു. പരാതി ഹർജിക്കാരന്റെ അയൽ വാസികളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ടിയാന്റെ പേരിൽ 70 സെന്റ് വസ്തു ഉള്ളതായി റിപ്പോർട്ട് ചെയ്തതെന്നാണ് ശ്രീ.അംബീശൻ പ്രസ്താവിക്കുന്നത്. ഇതല്ലാതെ മറ്റ് രേഖകളൊന്നും തന്റെ പക്കലോ പഞ്ചായത്തിലോ ഇല്ല എന്ന് അന്നത്തെ സെക്രട്ടറി കൂടിയായ ശ്രീ ബി.എൻ അംബീശൻ പറയുന്നു.

2. ഇങ്ങനെ എന്തെങ്കിലും രേഖയെ അവലംബിച്ചല്ല റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് ഇപ്പോഴത്തെ എസ്.പി.ഐ.ഒ. ശ്രീ ഹാരിഷ് കെ. എ. യും കമ്മീഷനെ ബോധിപ്പിച്ചു.

3. ഭൂമി സംബന്ധമായ ഉടമസ്ഥതയും കൈമാറ്റങ്ങളും സംബന്ധിച്ച രേഖകൾ കൈകാര്യം ചെയ്യുന്നതിന് റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ ഉണ്ടായിരിക്കെ നാട്ടിലെ ഒരു പൗരന്റെ ഉടമസ്ഥതയിൽ ഭൂമി ഉണ്ടോ ഉണ്ടെങ്കിൽ എവിടെ, എത്ര എന്നിവ അറിയുന്നതിന് ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ആയ സെക്രട്ടറി പരാതിഹർജിക്കാരന്റെ അയൽവാസികളുടെ വാക്കുകളെ ആശ്രയിച്ച്

സംസ്ഥാന മുഖ്യമന്ത്രിക്കും പ്രധാന മന്ത്രിക്കും റിപ്പോർട്ട് അയച്ച എന്നുള്ളത് ഗുരുതരമായ കൃത്യവിലോപവും അലസതയും ഉത്തരവാദിത്വമില്ലായ്മയുമാണ്. ഇങ്ങനെ റിപ്പോർട്ട് തയ്യാറാക്കി നൽകുവാനുണ്ടായ സാഹചര്യം സംബന്ധിച്ച് **ഒരു അന്വേഷണം നടത്തി 28.02.2023 നകം റിപ്പോർട്ട് ഈ കമ്മീഷനു സമർപ്പിക്കുവാൻ** ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴയോട് നിർദ്ദേശിച്ച് ഈ പരാതി ഹർജിയിൽ കമ്മീഷൻ ഇന്നേ ദിവസം (2023 ജനുവരി മാസം 7-ാം തീയതി) താൽക്കാലിക ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**
*NAS*

DESPATCHED ON 29/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel 0471 2561613, 2561614, 2561615, Fax: 0471 2330920
Email:- sic.ker@nic.in

CP No. 966(3)/2018/SIC തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No. 14597/ SIC-G1/2018
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 23/03/2023

ശ്രീ. സജിമോൻ. എസ്
ചിറയിൽ ഹൗസ്,
മുഹമ്മ പി.ഒ, ആലപ്പുഴ. } പരാതിഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി, കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്,
എസ്.എൻ പുരം പി.ഒ, ആലപ്പുഴ. } എതിർകക്ഷി

## അന്തിമ ഉത്തരവ്

മേൽ പരാതി ഹർജിയിൻമേൽ കമ്മീഷന്റെ 2023 ജനുവരി മാസം 7-ാം തീയതിയിലെ ഉത്തരവ് പ്രകാരം ആലപ്പുഴ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 24/02/2023 ലെ DDP/ALP/169/2023 നമ്പർ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ 28/02/2023 ൽ സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ആയതിന്റെ ഒരു പകർപ്പ് പരാതി ഹർജിക്കാരനുകൂടി അയച്ചു നൽകാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ പരാതി ഹർജിയിലെ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2023 മാർച്ച് മാസം 23-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി